# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


No. R.9768/21 Dated : 24/05/2023

## <u>പരസ്യം</u>

2022 ഓണം നവരാത്രി എക്സിബിഷനോടനുബന്ധിച്ച് ശ്രീ വടക്കുംനാഥൻ ക്ഷേത്രമൈതാനിയിൽ 02/09/2022 മുതൽ 24/10/2022 വരെ സ്റ്റാൾ നമ്പർ 9, 10, 11, 56, 63 എന്നീ സ്റ്റാളുകൾ എടുത്തിരുന്നവർ സ്റ്റാൾ വാടക അടക്കാതെ പോയിട്ടുള്ള സാഹചര്യത്തിലും നഴ്സറി എടുത്ത് നടത്തിയിരുന്ന വ്യക്തി സ്ഥലവാടക അടക്കാൻ തയ്യാറായിട്ടില്ലാതിനാലും ടിയാർ കച്ചവടം നടത്തിയിരുന്ന സാധന സാമഗ്രികൾ ലേലം ചെയ്ത് സംഖ്യ ദേവസ്വത്തിൽ മുതൽ കൂട്ടുന്നതിന് നിശ്ചയിച്ചിട്ടുള്ളതാണ്.

**<u>ലേലം ചെയ്യുന്ന സാധനങ്ങൾ</u>**

കിച്ചൺ ടൂൾസ്

ഇലക്ട്രോണിക് കോസ്റ്റ്യൂം

ബോഡിമസ്സാജർ

നഴ്സറി (ചെടികളും അനുബന്ധ ഉപകരണങ്ങളും)

മേൽ പ്രകാരം വസ്തുക്കൾ 01/06/2023 തിയ്യതി 2 പി.എം ന് തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വച്ച് ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 5000/-ക ദേവസ്വത്തിൽ കെട്ടിവെക്കേണ്ടതാണ് നിരതദ്രവ്യം അടക്കാത്ത ആരേയും ലേലത്തിൽ പങ്കെടിപ്പിക്കുന്നതല്ല. ലേലം കൊണ്ട വ്യക്തികൾ ലേല സംഖ്യ തത്സമയം തന്നെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റി ലേലം കൊണ്ട വസ്തുക്കൾ അന്നേ ദിവസം തന്നെ കൊണ്ടുപോയി സ്ഥലം ഒഴിവാക്കി നൽകേണ്ടതാണ്. ലേലം കൊണ്ട വ്യക്തികൾ സാധനസാമഗ്രികൾ അവരവരുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. ലേലം ചെയ്ത വസ്തുവഹകൾ നീക്കം ചെയ്യുന്നതിന് കാലതാമസം വരുന്ന പക്ഷം ആയതിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ലേലം ലഭിക്കാത്ത വ്യക്തികൾക്ക് ലേലം ചെയ്യുന്ന സമയം നിരതദ്രവ്യമായി ടിയാർ അടച്ച സംഖ്യ തിരികെ നൽകുന്നതും ലേലം കൊണ്ടവർക്ക് സാധനസാമഗ്രികൾ പൂർണ്ണമായും കൊണ്ടുപോയി എന്ന് ഉറപ്പാക്കി നിരതദ്രവ്യമായി അടച്ച സംഖ്യ തിരികെ നൽകുന്നതാണ്.

ലേലം ദേസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ലേലം വേണ്ടെന്ന് വെക്കുന്നതിനും നിറുത്തി വെക്കുന്നതിനും മറ്റ് ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനും താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ പരസ്യത്തെപ്പറ്റി കൂടുതൽ അറിയുന്നതിന് തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി

കൊച്ചിൻ ദേവസ്വം ബോർഡ്